LIBRARY ARCHIVES Kerala Legislative Assembly

കേരള സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനം

9 (1083) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണ് എന്നും ആദ്യ ഘട്ടം എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ബി) സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനത്തിന് കേന്ദ്രസർക്കാർ എത്ര രൂകയാണ് ഇതിനോടകം അനുവദിച്ചിട്ടുള്ളത് എന്നും ഇതിൽ എത്ര രൂകയുടെ നിർമ്മാണം പൂർത്തീകരിച്ചു എന്നും അറിയിക്കുമോ ;

(സി) ഈ പ്രോജക്ടിന് സംസ്ഥാന സർക്കാർ എത്ര രൂക അനുവദിച്ചു എന്നും ഇതിൽ എത്ര രൂക ചെലവഴിച്ചു എന്നും അറിയിക്കുമോ ;

(ഡി) ഇതിന്റെ രണ്ടാംഘട്ടമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച 25 കോടി രൂപയുടെ പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ഇ) ഈ പ്രോജക്ട് വഴി പൊതുജനത്തിന് എന്തെല്ലാം പ്രയോജനമാണ് ലഭിക്കുക ?

ഉത്തരം

(എ) കേരള സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനത്തിൽ മൂന്ന് വശങ്ങളിലുമുള്ള ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായി. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ആദ്യഘട്ട നിർമ്മാണ പ്രവർത്തനം 2017-ൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കേന്ദ്ര സർക്കാർ ഇതുവരെ 7.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ 39.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 23.22 കോടി രൂപയുടെ പണി പുരോഗമിച്ചുവരുന്നു. ബാക്കി തുകയ്ക്ക് സ്പെയ്സ് തീയേറ്റർ ഉപകരണങ്ങളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനുവേണ്ട പ്രാരംഭ നടപടികൾ ആരംഭിച്ചു.

(ഡി) അംഗീകാരം ലഭിച്ചിട്ടില്ല.

(ഇ) പൊതു സമൂഹത്തിൽ ശാസ്ത്ര സംബന്ധമായ അറിവുകളുടെ കാര്യക്ഷമമായ വിതരണം സാധ്യമാക്കുക. ജനങ്ങളിൽ ശാസ്ത്ര ബോധവും ആഭിമുഖ്യവും വളർത്തിയെടുക്കുക എന്നതാണ് സയൻസ് സിറ്റി കൊണ്ട് ലക്ഷ്യമാക്കുന്നത്. ശാസ്ത്രത്തിന്റെ വളർച്ചയും വികാസവും ചിത്രീകരിക്കുന്നതിനും വിവിധ ശാസ്ത്ര പഠന ശാഖകളുടെ തത്വങ്ങളെയും അടിസ്ഥാന സിദ്ധാന്തങ്ങളെയും പ്രായോഗിക രൂപത്തിൽ പരിചയപ്പെടുത്തുന്നതിനും വേണ്ടി തയ്യാറാക്കിയ വിവിധ ഗ്യാലറികൾ സ്പെയിസ് തിയേറ്റർ, സയൻസ് പാർക്ക്, സയൻസ് ലൈബ്രറി, ബൊട്ടാണിക്കൽ ഗാർഡൻ, ശാസ്ത്ര പ്രദർശന ഹാളുകൾ, വാട്ടർ തീം, സയൻസ് പാർക്ക്, ബട്ടർഫ്ലൈ പാർക്ക്, തൂീല്ലേറിയം, ഹൈടെക് ക്ലാസ് റൂമുകൾ, സെമിനാർ ഹാളുകൾ തുടങ്ങിയ സംവിധാനങ്ങളൊക്കെ ഒരു കുടക്കീഴിൽ യാഥാർത്ഥ്യമാക്കുന്ന ബൃഹത്തായ ഒരു പ്രദർശന നഗരിയാണ് സയൻസ് സിറ്റി കൊണ്ട് ഉദ്ദേശിക്കുന്നത്. കോട്ടയത്ത് ശാസ്ത്ര നഗരി യാഥാർത്ഥ്യമാക്കുന്നതോടെ ശാസ്ത്ര വിദ്യാഭ്യാസത്തിന്റെയും ശാസ്ത്രാധിഷ്ഠിത വിനോദത്തിന്റെയും, ഏഷ്യയിലെ ഏറ്റവും വലിയ കേന്ദ്രമായി കോട്ടയം മാറും, ശാസ്ത്ര പ്രതിഭകൾ, ഗവേഷകർ തുടങ്ങിയവർ പങ്കെടുക്കുന്ന ചർച്ചകളും സെമിനാറുകളും ഈ നഗരിയെ ശാസ്ത്രാന്വേഷികളുടെ ഒരു സംഗമ കേന്ദ്രമാക്കി മാറ്റും. ശാസ്ത്ര വിദ്യാഭ്യാസം, ടൂറിസം, തൊഴിൽ മേഖലകളിൽ സംസ്ഥാനത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും ഇത് വഴിയൊരുക്കും.

സജിൻ പോളിന്റെ നിയമനം

10 (1084) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രണ്ട് വർഷങ്ങൾക്കു മുൻപ്, എം. ജി. സർവ്വകലാശാല നിയമന അംഗീകാരം നൽകിയ കോതമംഗലം എം. എ. കോളേജിലെ കോമേഴ്സ് വിഭാഗം ലക്ചററായ ശ്രീ. സജിൻ പോളിന്റെ നിയമനം ഇനിയും അംഗീകരിച്ച് ഉത്തരവിറങ്ങാത്ത സാഹചര്യത്തിൽ, പ്രസ്തുത നിയമനം അംഗീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

കോതമംഗലം എം.എ. കോളേജിൽ കോമേഴ്സ് വിഭാഗത്തിൽ അദ്ധ്യാപകനായ ശ്രീ. സജിൻപോളിന് യൂണിവേഴ്സിറ്റി അംഗീകാരം നൽകിയിരുന്നു. എങ്കിലും നിശ്ചിത ജോലിഭാരത്തിന്റെ അഭാവത്തിൽ അദ്ദേഹത്തിന് സർക്കാർ നിയമനാംഗീകാരം നൽകുകയുണ്ടായില്ല. ഇതിനെതിരെ അദ്ദേഹം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. സമാനമായ കേസുകളിൽ സർക്കാർ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ കേസിലും നടപടി സ്വീകരിക്കാവുന്നതാണെന്ന വിവരം അഡ്വക്കേറ്റ് ജനറലിനെ അറിയിച്ചിട്ടുണ്ട്. കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly